# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2428 19.03.2015 - ൽ മറുപടിയ്ക്ക്

## അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| ശ്രീമതി. കെ.എസ് . സലീഖ : | |
| (എ) അവയവദാനം കൈമാറ്റം എന്നിവയ്ക്ക് സന്നദ്ധതയുള്ളവരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു എന്ന് വ്യക്തമാക്കുമോ ; | അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി പല തലത്തിലായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ജീവിച്ചിരിക്കുമ്പോൾ വൃക്ക ആവശ്യമായി വരുന്ന അടുത്ത ബന്ധുക്കൾക്ക് വൃക്കദാനം നിർവ്വഹിക്കാവുന്നതാണ് . ഇതിനായി ഇവർക്ക് ഈ വിഷയത്തെക്കുറിച്ച് അവബോധം നൽകുകയും പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. ഒപ്പം മരണാനന്തര അവയവ ദാനത്തിനായി സ്കൂൾ കോളേജ് തലത്തിലും, മറ്റു സാമൂഹിക കൂട്ടായ്മകൾ വഴിയും സംസ്ഥാനത്ത് ഒട്ടാകെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട് . |
| (ബി) അവയവദാനം. കൈമാറ്റം എന്നിവയ്ക്ക് നിലവിൽ പാലിക്കേണ്ട നിയമ വ്യവസ്ഥകൾ എന്തെല്ലാം; | ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ 1994 ലെ മനുഷ്യ അവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്ട് 2011 ലെ മനുഷ്യ അവയവങ്ങളുടെയും കലകളുടെയും മാറ്റിവയ്ക്കൽ (ഭേദഗതി) ആക്ട് എന്നിവ അനുശാസിക്കുന്ന പ്രകാരമാണ് സംസ്ഥാനത്ത് അവയവദാന പ്രക്രിയ നടത്തിവരുന്നത്. |
| (സി) സ്വകാര്യ ആശുപത്രികൾ, വ്യക്തികൾ, അനധികൃത ഏജൻസികൾ എന്നിവ വഴി അവയവ കച്ചവടം സംസ്ഥാനത്ത് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) എങ്കിൽ ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ഇത്തരത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു. എത്ര കേസുകളിൽ പ്രതികളെ പിടികൂടി; എത്ര പേരെ പിടികൂടാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | ബാധകമല്ല. |
| (ഇ) അവയവദാനം, കൈമാറ്റം എന്നിവയ്ക്ക് തയ്യാറാകുന്നവർക്ക് പ്രത്യേകമായി എന്തെങ്കിലും രജിസ്ട്രേഷൻ സൗകര്യമോ, മറ്റു മാർഗ്ഗങ്ങളോ ആരോഗ്യവകുപ്പ് സ്വീകരിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം? | മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായിതിരുവനന്തപുരം,കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ മൃതസഞ്ജീവനി (KNOS) പ്രവർത്തിക്കുന്നുണ്ട്. ഇവിടെ അവയവദാനത്തിന് സന്നദ്ധരായവരുടേയും ആവശ്യമുള്ളവരുടേയും വിവരം സൂക്ഷിച്ചിട്ടുണ്ട്. ഇതിലൂടെ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവർക്ക് മൃതസഞ്ജീവനിയുടെ എല്ലാ സോണൽ ഓഫീസുകളിലും നേരിട്ട് സമ്മതപത്രം സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ